"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - നാദാപുരം ടി.ഐ.എം. ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കിക്കൊണ്ടും മാനേജർ ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം.6053/2023-ൽ 22.05.2025 തീയതിയിലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം പാലിച്ചുകൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.**2633/2026/GEDN** തീയതി,തിരുവനന്തപുരം, **10-04-2026**

---

പരാമർശം:-
1. **WP(C)6053/2023**-ൽ ബഹു. കേരള ഹൈക്കോടതിയുടെ **22.05.2025** തീയതിയിലെ വിധിന്യായം.
2. കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ **06.11.2025** തീയതിയിലെ ഡിഡിഇകെകെഡി /**8499/2023**-ബി4 നമ്പർ റിപ്പോർട്ട്
3. വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **06.11.2025** തീയതിയിലെ ഡിഇഒവികെഎ/**2552/2025**-ബി2 നമ്പർ റിപ്പോർട്ട്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **08.11.2025** തീയതിയിലെ ഡിജിഇ/**22488/2025**-വിബി3 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

നാദാപുരം ടി.ഐ.എം. ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ മാനേജർ ഫയൽ ചെയ്ത റിട്ട് ഹർജി നം.**6053/2023**-ലെ പരാമർശം(**1**) ലെ വിധിന്യായ പ്രകാരം, എക്സിബിറ്റ് പി -**39** റദ്ദ് ചെയ്യുകയും ഹർജിക്കാരനെയും **5**-ആം എതിർ കക്ഷിയെയും നേരിൽ കേട്ട് ഒരു പുതിയ **കാര്യ കാരണസഹിതമായ ഉത്തരവ്** (**speaking order**) ഒരു മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷി സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

2.ഹർജിക്കാരനായ മാനേജരേയും, അഞ്ചാം എതിർ കക്ഷിയായ ശ്രീ. നസീർ പാണാറത്തിനേയും പൊതുവിദ്യാഭ്യാസ (ഡി.എ) വകുപ്പ് അണ്ടർ സെക്രട്ടറി 10.11.2025-നു നേരിൽ കേട്ടു.

3. മാനേജരുടെ വാദഗതികൾ ഇപ്രകാരമാണ്.

3(1).നാദാപുരം ടി.ഐ.എം ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ ക്ലാർക്ക് ശ്രീ.നസീർ പണാറത്ത് തന്റെ ഔദ്യോഗിക കൃത്യ നിർവഹണത്തിൽ ഗുരുതരമായ വീഴ്ച്ച വരുത്തിയതിനാലും അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്നതിനാലും 17-07-2014 മുതൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തു. കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം-XIV എ ചട്ടം-67(8) അനുശാസിക്കുന്ന പ്രകാരം ജില്ല വിദ്യാഭ്യാസ ഓഫിസർ പ്രാഥമിക അന്വേഷണം നടത്തുകയും സസ്പെൻഷൻ ന്യായമാണെന്ന് കണ്ട് അംഗീകരിക്കുകയും 15 ദിവസത്തിൽ അധികരിക്കാൻ അനുവാദം തരികയും ചെയ്തു. 22-09-2014ന് ശ്രീ.നസീറിന് കുറ്റപത്രവും കുറ്റാരോപണ സ്റ്റേറ്റ്മെന്റും നൽകി. ആയതിനുള്ള ടിയാന്റെ പ്രതിവാദ പത്രിക 06-10-2014ന് തരികയുണ്ടായി. പ്രതിവാദ പത്രിക സ്വീകാര്യമല്ലെന്നതിനാൽ കെ.ഇ.ആർ അദ്ധ്യായം-XIV എ ചട്ടം-75 അനുശാസിക്കുന്ന വിധം വിശദാന്വേഷണം (ഫോർമൽ എൻക്വയറി) നടത്താൻ ജില്ല വിദ്യാഭ്യാസ ഓഫിസർക്ക് അപേക്ഷ സമർപ്പിച്ചു. 16-12-2014ന് ജില്ല വിദ്യാഭ്യാസ ഓഫിസർ സ്കൂളിൽ വെച്ച് വിശദാന്വേഷണം നടത്തി. അനേഷണ റിപ്പോർട്ട് ചട്ടം അനുശാസിക്കുന്ന വിധമല്ലാത്തതിനാലും അപൂർണ്ണമാണെന്നതിനാലും ചട്ടം-75(9) അനുശാസിക്കുന്ന വിധം എല്ലാ രേഖകളും അനന്തര നടപടികൾക്കായി ലഭ്യമാക്കാൻ ജില്ല വിദ്യാഭ്യാസ ഓഫിസർക്ക് 27-01-2015ന് അപേക്ഷ സമർപ്പിച്ചു. ഇതിന്മേൽ മറുപടിയൊന്നും ലഭിച്ചില്ല.

3(2) സസ്പെൻഷൻ കാലയളവ് ആറ് മാസം പിന്നിട്ടതിനാൽ ജില്ല വിദ്യാഭ്യാസ ഓഫിസർ സസ്പെൻഷൻ പുനഃപരിശോധിച്ച് ഉത്തരവാകാൻ വിദ്യാഭ്യാസ ഉപ ഡയറക്ടറോട് അപേക്ഷിച്ചു. ഇക്കാര്യത്തിൽ യാതൊരു അന്വേഷണമോ ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുകയോ ചെയ്യാതെ, കെ.ഇ.ആർ വ്യവസ്ഥകൾക്ക് അനുസൃതമല്ലാതെ നടപടിയാണെന്ന് ചൂണ്ടിക്കാട്ടി സസ്പെൻഷൻ ഉടൻ പിൻവലിച്ച് ശ്രീ.നസീറിനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർ 22-04-2015 തിയ്യതിയിൽ ഉത്തരവിട്ടു. കൂടാതെ ക്രമവിരുദ്ധമായ രീതിയിൽ നടപടികൾ സ്വീകരിച്ചതിന് ജില്ല വിദ്യാഭ്യാസ ഓഫീസറും മാനേജരും വിശദീകരണം നൽകാനും ആവശ്യപ്പെടുകയുണ്ടായി. അതനുസരിച്ച് വിശദമായ റിപ്പോർട്ട് 21-05-2015 ന് വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് സമർപ്പിച്ചു. അതിന് 12-08-2015 തിയ്യതിയിൽ വിദ്യാഭ്യാസ ഉപ ഡയറക്ടർ മാനേജരെയും മറ്റ് ബന്ധപ്പെട്ടവരെയും ഒരു കൂടിക്കാഴ്ചക്ക് വിളിച്ചെങ്കിലും ഉത്തരവൊന്നും പുറപ്പെടുവിച്ചില്ല.

3(35). വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ ഉത്തരവിനെതിരെ പൊതു

വിദ്യാഭ്യാസ ഡയറക്ടർക്ക് വിശദമായ ഹർജി **22-09-2015**ന് സമർപ്പിക്കുകയുണ്ടായി. അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട തുടർ നടപടികൾ വിദ്യാഭ്യാസ ഉപ ഡയറക്ടറുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടതാണെന്ന ഒറ്റവരി മറുപടിയാണ് അന്വേഷണമോ, ഹിയറിങ്ങോ നടത്താതെ പൊതു വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും **30-10-2015** ന് ലഭിച്ചത്. ഫോർമൽ എൻക്വയറി സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ആരാഞ്ഞതിന് ഡിപ്പാർട്ടമെന്റ് തലത്തിൽ മറുപടിയൊന്നും ലഭിക്കാത്ത സാഹചര്യത്തിൽ **05-01-2015** ന് അയച്ചുകിട്ടിയ റിപ്പോർട്ട് അടിസ്ഥാനപ്പെടുത്തി ശ്രീ.നസീറിന് മൂന്ന് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്യത്തോടെ തടഞ്ഞുകൊണ്ടുള്ള ശിക്ഷ വിധിക്കാൻ ഉദ്ദേശിക്കുന്നതായ നോട്ടീസ് **14-01-2016**ന് നൽകുകയും ആയതിനുള്ള അനുവാദത്തിനായി ജില്ല വിദ്യാഭ്യാസ ഓഫിസർക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തു.

**3(4)** തുടർന്ന് ശിക്ഷാവിധി പൂർത്തിയാക്കി വിദ്യാഭ്യാസ ഉപഡയറക്ടർ **22-04-2015** തിയ്യതിയിലെ ഉത്തരവിൽ ആവശ്യപ്പെട്ടപോലെ ശ്രീ. നസീറിനെ ഉടൻ ജോലിയിൽ തിരികെ പ്രവേശിപ്പിക്കാൻ ജില്ല വിദ്യാഭ്യാസ ഓഫീസർ **28-01-2016** തിയ്യതിയിൽ നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ശിക്ഷ സ്ഥിരപ്പെടുത്തി ശ്രീ. നസീറിനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചുകൊണ്ട് **20-02-2016** തിയ്യതിയിൽ ഉത്തരവ് പുറപ്പെടുവിച്ചു. ജില്ല വിദ്യാഭ്യാസ ഓഫീസറുടെ അനുമതിയോടെ ശിക്ഷ നടപ്പിലാക്കികഴിഞ്ഞ ശേഷം ശിക്ഷാ വിധി നടപ്പിലാക്കുന്നതിനുള്ള അനുമതിയുമായി ബന്ധപ്പെട്ടെന്ന് കാണിച്ച് ജില്ല വിദ്യാഭ്യാസ ഓഫിസർ **01-04-2016**ന് ഒരു ഹിയറിങ് നടത്തി. ശ്രീ.നസീറിനെതിരെ സ്വീകരിച്ച അച്ചടക്കനടപടികളുടെ വിശദവിവരം അറിയിക്കാൻ ഇതിനിടെ വിദ്യാഭ്യാസ ഉപ ഡയറക്ടർ ആവശ്യപ്പെട്ടു. ജില്ലാ വിദ്യഭ്യാസ ഓഫിസറുടെ അനുമതിയോടെ ശിക്ഷ നടപ്പിലാക്കി ടിയാനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ച വിവരം ജില്ല വിദ്യാഭ്യാസ ഓഫിസറുടെ **28-01-2016** തിയ്യതിയിലെ എഴുത്തിന്റെ പകർപ്പ് സഹിതം വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തു. മാനേജർ സ്വീകരിച്ച ശിക്ഷാനടപടിക്ക് ജില്ല വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നൽകിയിട്ടുണ്ടെന്നും ഇതിനെതിരെ ശ്രീ. നസീർ അപ്പീൽ സമർപ്പിച്ചിട്ടില്ലെന്നും ആയതിനാൽ മാനേജരുടെ നടപടി ശരിയാണെന്നും വിദ്യാഭ്യാസ ഉപ ഡയറക്ടർ **09-03-2017** തിയ്യതിയിലെ നമ്പർ.**B4/7156/15/K.Dis** എഴുത്തിൽ അറിയിച്ചു.

**3(5) 01-04-2016**ന് ജില്ല വിദ്യാഭ്യാസ ഓഫിസർ നടത്തിയ ഹിയറിങ്ങിൽ ശ്രീ.നസീറിന് വിധിച്ച ശിക്ഷ കുറവ് ചെയ്യാൻ നിർദ്ദേശിക്കുകയുണ്ടായി. മാനേജർ ജില്ല വിദ്യാഭ്യാസ ഓഫീസറുടെ അനുമതിയോടെ ശിക്ഷ നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞ സാഹചര്യത്തിൽ അത് പുനഃപരിശോധിക്കാൻ നിയമം അനുവദിക്കില്ലെന്ന വസ്തുത ജില്ല വിദ്യാഭ്യാസ

ഓഫിസറെ അറിയിച്ചു. എന്നാൽ ഒരിക്കൽ അംഗീകരിച്ച ശിക്ഷാനടപടി, തികച്ചും അപ്രതീക്ഷിതവും ക്രമവിരുദ്ധവുമായി ജില്ല വിദ്യാഭ്യാസ ഓഫിസർ **13-10-2017** തിയ്യതിയിലെ ഉത്തരവ് പ്രകാരം നിരസിച്ചു. ഈ ഉത്തരവിന്റെ സാംഗത്യം ചോദ്യം ചെയ്തുകൊണ്ട് ഉത്തരവ് പിൻവലിക്കാൻ ജില്ല വിദ്യാഭ്യാസ ഓഫിസർക്ക് **30-10-2017**ന് അപേക്ഷ സമർപ്പിച്ചു. ഇതിന്റെ പകർപ്പ് വിദ്യാഭ്യാസ ഉപ ഡയറക്ടർക്കും സമർപ്പിക്കുകയുണ്ടായി. പക്ഷെ, നടപ്പിലാക്കികൊണ്ടുള്ള മാനേജരുടെ ഉത്തരവ് ജില്ല വിദ്യാഭ്യാസ ഓഫിസർ തള്ളിയ സാഹചര്യത്തിൽ ശ്രീ.നസീറിന്റെ സസ്പെൻഷൻ കാലം ക്രമീകരിക്കുന്നതിനുള്ള നടപടി സമയ ബന്ധിതമായി സ്വീകരിക്കാനാണ് വിദ്യാഭ്യാസ ഉപ ഡയറക്ടർ **06-11-2017** തിയ്യതിയിലെ നമ്പർ.**B4/9393/2017** എഴുത്തിൽ ആവശ്യപ്പെട്ടത്.

**3(6)** വ്യത്യസ്ത ഉത്തരവുകൾ മേലധികാരികൾ പുറപ്പെടുവിച്ച സാഹചര്യത്തിൽ ഇക്കാര്യത്തിൽ തീരുമാനത്തിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വിശദമായ അപേക്ഷ ബന്ധപ്പെട്ട എല്ലാ രേഖകളും ഉൾപ്പെടുത്തി **20-11-2017**ന് സമർപ്പിച്ചു. ഇതിന്മേൽ ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുകയോ കൂടുതൽ അന്വേഷണം നടത്തുകയോ ചെയ്യാതെ വിദ്യാഭ്യാസ ഉപഡയറക്ടരുടെ **06-11-2017** തിയ്യതിയിലെ നമ്പർ.**B4/9393/2017** കത്തിലെ നിർദ്ദേശത്തിന് അനുസരിച്ച് ക്രമീകരിച്ച് നൽകാനും വകുപ്പ് തല നടപടികളിൽ ആക്ഷേപമുള്ള പക്ഷം അപ്പീൽ സമർപ്പിക്കാനുമാണ് പൊതു വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീ. നസീറിന്റെ സസ്പെൻഷൻ കാലം അർഹതപ്പെട്ട അവധിയായി ക്രമീകരിച്ച് **23-02-2018** തിയ്യതിയിൽ ഉത്തരവ് പുറപ്പെടുവിച്ചു.സർക്കാരിൽ **27-02-2018**ന് റിവിഷൻ അപ്പീൽ സമർപ്പിച്ചു. സർക്കാർ ആരെയും നേരിട്ട് കേൾക്കാതെ അപ്പീലിന്മേൽ കൂടുതൽ അന്വേഷണം പോലും നടത്താതെ ജില്ല വിദ്യാഭ്യാസ ഓഫിസറുടെ **13-10-2017** തിയ്യതിയിലെ ഉത്തരവ് അഗീകരിക്കുകയാണ് എൻ.**1/66/2018** പൊ.വി.വ തിയ്യതി **11-12-2019** പ്രകാരം ചെയ്തത്.

**3(7)** ശ്രീ. നസീറിനെതിരെ കൈക്കൊണ്ട ശിക്ഷാനടപടികൾ അംഗീകരിക്കപ്പെടാത്ത സാഹചര്യത്തിൽ മാനേജരുടെ മുൻ ഉത്തരവുകൾ റദ്ദ് ചെയ്യുകയും ശ്രീ നസീറിന് ശക്തമായ താക്കീത് നൽകിക്കൊണ്ടും സസ്പെൻഷൻ കാലയളവ് ഡ്യൂട്ടി ആയി ക്രമീകരിച്ചുകൊണ്ടും **01-07-2020** തിയ്യതിയിൽ ഉത്തരവ് പുറപ്പെടുവിച്ചു. ഈ ഉത്തരവിന്റെ പകർപ്പ് ജില്ല വിദ്യാഭ്യാസ ഓഫിസർക്കും വിദ്യാഭ്യാസ ഉപ ഡയറക്ടർക്കും സമർപ്പിക്കുകയും ചെയ്തു. പിന്നീട് **18** മാസക്കാലത്തോളം ഇക്കാര്യത്തിൽ യാതൊരു നടപടികളും അധികൃതരിൽ നിന്നും ഉണ്ടായില്ല. എന്നാൽ **22-01-2022** തിയ്യതിയിൽ ജില്ലാ വിദ്യാഭ്യാസ ഓഫിസർ ഒരു ഉത്തരവ് പുറപ്പെടുവിക്കുകയും ശ്രീ.നസീറിന്റെ സസ്പെൻഷൻ കാലയളവിലെ ശമ്പളം മാനേജരുടെ ബാധ്യതയായി നിശ്ചയിക്കുകയും ചെയ്തു.

**3(8)** ഈ ഉത്തരവ് അന്യായമാണെന്നും പുനഃ പരിശോധിക്കണമെന്നും

കാണിച്ച് ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചെങ്കിലും 16-04-2022 തിയ്യതിയിലെ ഉത്തരവ് പ്രകാരം മാനേജരുടെ പേരിലുള്ള ബാധ്യത സ്ഥിരപ്പെടുത്തുകയാണ് ഉണ്ടായത്. ഇങ്ങിനെ ഒരു ബാധ്യത നിശ്ചയിക്കുന്നതിന് മുമ്പ് മാനേജർക്ക് ഒരു നോട്ടീസ് നൽകുകയോ നേരിട്ട് കേൾക്കുകയോ ഉണ്ടായില്ല. ജില്ല വിദ്യാഭ്യാസ ഓഫിസർ മാനേജർക്കെതിരെ ഇത്തരം ഒരു നടപടി സ്വീകരിക്കാൻ നിയമം അനുവദിക്കുന്നുമില്ല. പ്രാഥമിക അന്വേഷണത്തിൽ സസ്പെൻഷൻ അന്യായമാണെന്ന് കാണുകയും സസ്പെൻഷൻ പിൻവലിക്കാൻ ഉത്തരവാകുകയും ചെയ്തത് മാനേജർ പാലിക്കാതിരുന്നാൽ ആ കാലയളവിലെ ശമ്പളം മാനേജരുടെ ബാധ്യതയാക്കാമെന്നും ആയത് റവന്യൂ റിക്കവറി ആക്ട് പ്രകാരം മാനേജറിൽ നിന്നും ഈടാക്കാമെന്നുമാണ് കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം-III ചട്ടം-7(4) അനുശാസിക്കുന്നത്. ഇവിടെ പ്രാഥമിക അനേഷണം നടത്തിയ ജില്ല വിദ്യാഭ്യാസ ഓഫിസർ സസ്പെൻഷൻ അംഗീകരിക്കുകയും സസ്പെൻഷൻ 15 ദിവസത്തിൽ അധികരിക്കാൻ അനുമതി തന്നതുമാണ്. ഇക്കാര്യങ്ങളൊക്കെ വിശദീകരിച്ച് സർക്കാരിൽ 14-06-2022 ന് അപ്പീൽ നൽകി. എന്നാൽ ഒരു കൂടിക്കാഴ്ചക്ക് അവസരം നൽകാതെ സർക്കാർ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് മാത്രം ആധാരമാക്കി അപ്പീൽ സ.ഉ(സാധാ)നം.654/2023 പൊ.വി.വ തിയ്യതി 25-01-2023 പ്രകാരം നിരസിക്കുകയും ജില്ല വിദ്യാഭ്യാസ ഓഫിസറുടെ ഉത്തരവ് അംഗീകരിക്കുകയും ചെയ്തു.

3(9) ജില്ലാ വിദ്യാഭ്യാസ ഓഫിസറുടെ ഭാഗത്ത് സംഭവിച്ച വീഴ്ചകളാണ് ഈ കേസ്സിൽ മുഴുനീളെ കാണാവുന്നത്. ജില്ലാ വിദ്യാഭ്യാസ ഓഫിസർ സസ്പെൻഷൻ അംഗീകരിക്കുകയും ശിക്ഷ നടപ്പിലാക്കാൻ അനുമതി തരികയും ചെയ്ത ശേഷം കെ.ഇ.ആർ വ്യവസ്ഥകൾ പാലിക്കുന്നതിൽ മാനേജർക്ക് വീഴ്ച സംഭവിച്ചെന്ന ആരോപണത്തിന് അടിസ്ഥാനത്തിനമില്ല. പിന്നീട് ശിക്ഷാനടപടി അംഗീകരിക്കാതിരിക്കയും അതിനെതിരെ വകുപ്പുതലത്തിലും സർക്കാരിലും നൽകിയ അപ്പീലുകൾ നിരസിക്കപ്പെടുകയും ചെയ്ത സാഹചര്യത്തിലാണ് ശിക്ഷ ശക്തമായ താക്കീതിലൊതുക്കി സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ചത്. ശ്രീ. നസീർ പണാറത്തിന്റെ സസ്പെൻഷൻ കാലയളവ് ഡ്യൂട്ടി ആയി ക്രമീകരിച്ച് നൽകിയത് അംഗീകരിച്ച് ഈ കാലയളവിലെ ശമ്പളം ടിയാന് നൽകുകയും ഈ കാലയളവ് കൂടി യോഗ്യതകാലമായി പരിഗണിച്ച് ടിയാന് പെൻഷൻ ആനുകൂല്യങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

ഈ വിഷയത്തിൽ ഇതുവരെ നടന്ന പ്രധാന സംഭവങ്ങളുടെ നാൾവഴി വിവരങ്ങൾ പരിശോധിച്ചാൽ മാനേജരുടെ ഭാഗത്ത് യാതൊരു വീഴ്ചയും സംഭവിച്ചിട്ടില്ലെന്ന് വ്യക്തമാകുന്നതാണ്. സസ്പെൻഷൻ കാലയളവിലെ ശമ്പളം മാനേജരുടെ ബാധ്യതയാക്കുന്നത് തികച്ചും അന്യായമാണെന്നതിനാൽ ജില്ലാ വിദ്യാഭ്യാസ ഓഫിസറുടെ 16-04-2022

തിയ്യതിയിലെ ഉത്തരവ് റദ്ദ് ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

4. ശ്രീ. നസീർ പാണാറത്തിന്റെ വാദങ്ങൾ ഇപ്രകാരമാണ്.

4(1). വടകര വിദ്യാഭ്യാസ ജില്ലയിൽ ഉൾപ്പെടുന്ന നാദാപുരം ടി.ഐ.എം ഗേൾസ് ഹയർസെക്കന്ററി സ്കൂളിൽ നിന്നും 30/06/2022 ന് വിരമിച്ച ക്ലാർക്ക് ആണ് ഞാൻ. എനിക്കെതിരെ നേരത്തെ ഉന്നയിക്കപ്പെട്ടിരുന്ന ചില ആരോപണങ്ങളെ അടിസ്ഥാനമാക്കി അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് മുന്നോടിയായി 17/07/2014 ലെ മാനേജരുടെ ഉത്തരവ് പ്രകാരം സേവനത്തിൽ നിന്നും എന്നെ സസ്പെന്റ് ചെയ്തിരുന്നു. ഈ വിഷയത്തിൽ പ്രഥമാന്വേഷണം നടത്തിയ വടകര ജില്ലാ വിദ്യാഭ്യാസ ആഫീസർ, എന്റെ സസ്പെൻഷൻ കാലപരിധി 15 ദിവസത്തിൽ കൂടുതൽ കാലത്തേക്ക് നീട്ടുകയും ചെയ്തു. സസ്പെൻഷൻ കാലയളവ് ആറ് മാസത്തിൽ കുടിയതിനാൽ കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം പതിനാല് (എ) നിശ്ചിത ചട്ടം പ്രകാരം കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ എന്റെ സസ്പെൻഷൻ പുന. പരിശോധിക്കുകയും, മാനേജരുടെ നടപടി കെ.ഇ.ആർ അദ്ധ്യായം 14 എ റൂൾ 67 (8) ന് വിരുദ്ധമാകയാൽ, സസ്പെൻഷൻ നില നിൽക്കില്ലെന്നും, സസ്പെൻഷൻ റദ്ദ് ചെയ്ത് എന്നെ സേവനത്തിൽ പുന.പ്രവേശിപ്പിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തു. (22/04/15 ലെ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ബി4/7156/15 നമ്പർ ഉത്തരവ്) അച്ചടക്ക നടപടികൾ തുടരാനും നിർദ്ദേശം നൽകി. തദനുസരണം 22/02/16 ന് ഞാൻ സേവനത്തിൽ പുനഃപ്രവേശിക്കുകയും ചെയ്തു.

4(2) മാനേജർ എനിക്കെതിരായ അച്ചടക്ക നടപടികൾ തുടരുകയും, അന്തിമമായി എന്റെ മൂന്ന് ഭാവി ഇൻക്രിമെൻ്റുകൾ സഞ്ചിത പ്രാബ്യലത്തോടെ തടഞ്ഞു കൊണ്ടുള്ള ശിക്ഷ വിധിക്കുകയും ചെയ്തു. എന്നാൽ മേൽപ്പറഞ്ഞ ശിക്ഷാവിധി വടകര ജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകരിച്ചില്ല. ചെയ്ത കുറ്റങ്ങൾക്ക് ആനുപാതികമായ ശിക്ഷയല്ല നൽകിയതെന്നും, ആയതിനാൽ ശിക്ഷ കുറവ് ചെയ്യണമെന്നും ആവശ്യപ്പെടുകയുണ്ടായി. മാനേജർ എന്നിട്ടും വിഷയം പുന. പരിശോധിക്കാതിരുന്ന സാഹചര്യത്തിൽ മേൽപ്പറഞ്ഞ ശിക്ഷാവിധി റദ്ദ് ചെയ്ത് കൊണ്ട് വടകര ജില്ലാ വിദ്യാഭ്യാസ ആഫീസർ ഉത്തരവ് നൽകുകയുണ്ടായി. (13/10/2017 ലെ ബി2/3382/14 ) ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ഉത്തരവിനെതിരായി മാനേജർ സർക്കാരിൽ റിവിഷൻ ഫയൽ ചെയ്യുകയും, എനിക്കെതിരായ ശിക്ഷാവിധി നിലനിർത്തിക്കിട്ടാൻ അപേക്ഷിക്കുകയും ചെയ്തു. ഇതിനകം എന്റെ സസ്പെൻഷൻ കാലയളവ് 17/07/14 മുതൽ 21/02/16 വരെ അർഹതപ്പെട്ട അവധി ആക്കി മാറ്റാൻ മാനേജർ ഉത്തരവ് നൽകുകയും ചെയ്തു.

4(3) മാനേജരുടെ മേൽ ഉത്തരവിനെതിരെ ഞാനും, ശിക്ഷ

അംഗീകരിക്കാൻ വിസമ്മതിച്ച ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ഉത്തരവിനെതിരെ മാനേജരും ഫയൽ ചെയ്ത റിവിഷൻ ഹരജികൾ സർക്കാർ ഒരുമിച്ച് പരിഗണിക്കുകയും, എനിക്കെതിരെ മാനേജർ ആരംഭിച്ച അച്ചടക്ക നടപടികൾ സംബന്ധമായി കെ.ഇ.ആർ വ്യവസ്ഥകൾ പാലിക്കുന്നതിൽ മാനേജർക്ക് വീഴ്ച സംഭവിച്ചതായും, മൂന്ന് ഇൻക്രിമെൻ്റുകൾ സഞ്ചിത പ്രാബ്യലത്തോടെ തടഞ്ഞ നടപടി, ആയത് അംഗീകരിക്കേണ്ട ജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകരിച്ചിട്ടില്ലെന്നും, മാത്രമല്ല, എനിക്ക് നൽകിയ ശിക്ഷ, ചെയ്ത കുറ്റത്തിന് ആനുപാതികമല്ലെന്നും കാഠിന്യമേറിയതുമാണെന്ന് കണ്ടതിനാൽ, ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ നടപടിക്രമം റദ്ദാക്കണമെന്ന മാനേജരുടെ ഹരജി സർക്കാർ നിരസിക്കുകയാണ് ചെയ്തത് (11/12/19 ലെ ഗവ.കത്ത് എൻ1/66/18/പൊ.വി). തുടർന്ന് മാനേജർ വിഷയം പുനഃപരിശോധിക്കുകയും /07/19 ലെ തന്റെ 1/20-21 നമ്പർ ഉത്തരവ് പ്രകാരം വിഷയം അന്തിമമായി തീർപ്പാക്കുകയും ചെയ്തു. എനിക്കെതിരെ പുറപ്പെടവിച്ച ശിക്ഷണ നടപടികൾ ജില്ലാ വിദ്യാഭ്യാസ ആഫീസറും, സർക്കാരും അംഗീകരിക്കാത്ത സാഹചര്യത്തിൽ, ശിക്ഷണ നടപടികൾ റദ്ദ് ചെയ്യുകയും, എന്റെ വേല വിലക്ക് കാലം 17/07/24 മുതൽ 21/02/16 വരെ എല്ലാവിധ സേവന വേതന ആനുകൂല്യങ്ങൾ അർഹത കൈവരും വിധം ഡ്യൂട്ടിയായി ക്രമീകരിച്ചു. ഭാവിയിൽ, ഒരു ക്ലാർക്കെന്ന നിലയിൽ എന്നെ ഏൽപ്പിച്ച ജോലികൾ കൃത്യമായും, കാര്യക്ഷമമായും ചെയ്യേണ്ടതാണെന്ന നിർദ്ദേശം നൽകി. ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കരുതെന്ന് ശക്തമായ താക്കീത് നൽകി. ഇതോടെ ഈ കേസ്സ് അവസാനിച്ചിരിക്കുകയാണ്. ഞാൻ 30/06/22 ന് സേവനത്തിൽ നിന്നും വിരമിക്കുകയും, പെൻഷനും എല്ലാ ആനുകൂല്യങ്ങളും കൈപ്പറ്റുകയും ചെയ്തു. ഈ വിഷയത്തിൽ ഇനി കൂടുതൽ നടപടികൾ ഒന്നും തന്നെ കൈക്കൊള്ളരുതെന്നും അഭ്യർത്ഥിക്കുന്നു.

5. വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ഇപ്രകാരമാണ്

5(1)വടകര വിദ്യാഭ്യാസ ജില്ലയിലെ നാദാപുരം ടി.ഐ.എം. ഗേൾസ് ഹൈസ്കൂളിലെ ക്ലാർക്ക് ആയ ശ്രീ. നസീർ പാണാറത്തിനെതിരെ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വീഴ്ച്ച ചൂണ്ടിക്കാണിച്ച്കൊണ്ട് ഉടനടി അന്വേഷണം നടത്തി ആവശ്യമായ ശിക്ഷാനടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നാദാപുരം ടി.ഐ.എം. ഗേൾസ് ഹൈസ്കൂൾ മാനേജർ 30/05/2014 ൽ കത്ത് നൽകിയിരുന്നു. ശ്രീ. നസീർ പാണാറത്ത് 28.4.2014 തീയ്യതി മുതൽ സ്കൂളിൽ ഹാജരാകുന്നില്ലെന്ന് പ്രധാനാധ്യാപകൻ റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയതിൽ മാനേജർക്ക് ചുവടെ കൊടുത്ത കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടതായും ടിയാനെതിരെ അന്വേഷണം നടത്തി ആവശ്യമായ ശിക്ഷാനടപടികൾ സ്വീകരിക്കാനും ആവശ്യപ്പെട്ടു.

**a)** ശ്രീ. നസീർ പാണാറത്ത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തുന്നു.

**b)** വിദ്യാഭ്യാസ ഉപഡയരക്ടറേറ്റിൽ നിന്നുള്ള ഓഡിറ്റ് പാർട്ടി സ്കൂളിൽ ഉള്ളതിനാൽ ക്ലാർക്കിന്റെ സാന്നിദ്ധ്യം ആവശ്യമാണെന്ന് ഫോൺ വഴി അറിയിച്ചിട്ടും അനുകൂല മറുപടി ഉണ്ടായില്ല.

**c)**കുട്ടികളുടെ പ്രവേശനവും വിടുതലും നടക്കുന്ന സമയമായതിനാൽ സ്കൂളിൽ ഹാജരായാൽ എന്തെങ്കിലും ജോലി ചെയ്യേണ്ടിവരുമെന്ന് മനസ്സിലാക്കിയാണ് ശ്രീ. നസീർ പാണാറത്ത് അനധികൃതമായി വിട്ടുനിൽക്കുന്നത്.

**d)** ശ്രീ. നസീർ പാണാറത്ത് ഗൗരവകരമായ അച്ചടക്ക നടപടിക്ക് വിധേയനാവാൻ അർഹനാണ്.

**5(2)**എന്നാൽ കെ.ഇ.ആർ. അധ്യായം **14** എ റൂൾ **67**, അധ്യായം **24** ബി റൂൾ **7** എന്നിവ പ്രകാരം മാനേജർക്ക് തന്നെ സ്വമേധയാ അച്ചടക്ക നടപടി സ്വീകരിക്കാവുന്നതാണെന്ന് **03.07.2014** ലെ കത്ത് പ്രകാരം മാനേജരെ അറിയിക്കുകയുണ്ടായി. ശ്രീ.നസീർ പാണാറത്തിനെ മാനേജർ ഔദ്യോഗിക നിർവ്വഹണത്തിൽ വീഴ്ച ചൂണ്ടിക്കാണിച്ച് **17.07.2014** മുതൽ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്യുകയുണ്ടായി. തുടർന്ന് നടത്തിയ പ്രാഥമികാന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് നമ്പർ ബി**2/3382/2014** തീയ്യതി **04.08.2014** പ്രകാരം ശ്രീ. നസീർ പാണാറത്തിന്റെ **17/07/2014** മുതലുള്ള സസ്പെൻഷൻ കാലയളവ് **15** ദിവസത്തിൽ കൂടുതൽ ദീർഘിപ്പിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ശ്രീ.നസീർ പാണാറത്തിന്റെ സസ്പെൻഷനുമായി ബന്ധപ്പെട്ട വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി അച്ചടക്ക നടപടി പൂർത്തിയാക്കി വിവരം എത്രയും പെട്ടെന്ന് അറിയിക്കുന്നതിനും ഉത്തരവ് നൽകുകയുണ്ടായി.

**5(3). 22.09.2014** തീയതി കുറ്റപത്ര മെമ്മോയും, കുറ്റാരോപണ സ്റ്റേററ്മെന്റും മാനേജർ ശ്രീ. നസീർ പാണാറത്തിന് നൽകുകയും പകർപ്പ് ഈ ഓഫീസിൽ സമർപ്പിക്കുകയും ചെയ്തു. ആയതിനുള്ള മറുപടി ശ്രീ. നസീർ പാണാറത്ത് സമർപ്പിക്കുകയും ചെയ്തു. **28.10.2014** ലെ മാനേജരുടെ കത്ത് പ്രകാരം ടിയാന്റെ മറുപടി അംഗീകരിക്കാനാവില്ലെന്നും, ശ്രീ. നസീറിനെതിരെ ഗൗരവതരമായ ശിക്ഷ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതായും മാനേജർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. തുടർന്ന് ഈ വിഷയത്തിൽ **16.12.2014** ന് ഫോർമൽ എൻക്വയറി നടത്തുകയുണ്ടായി. തുടർന്ന് കത്ത് നമ്പർ **B2/3382/2014** തീയ്യതി **05/01/2015** പ്രകാരം ഫോർമൽ എൻക്വയറി റിപ്പോർട്ട് മാനേജർക്ക് നൽകുകയും അച്ചടക്ക നടപടി പൂർത്തിയാക്കി പ്രസ്തുത വിവരം റിപ്പോർട്ട് ചെയ്യുന്നതിനും നിർദേശം നൽകുകയുണ്ടായി.

**5(4)** എന്നാൽ ശ്രീ. നസീർ പാണാറത്തിന്റെ അച്ചടക്ക നടപടി പൂർത്തിയാക്കുകയോ, ജോലിയിൽ തിരികെ പ്രവേശിപ്പിക്കുകയോ ചെയ്യാതെ ഫോർമൽ എൻക്വയറി റിപ്പോർട്ടിൽ പോരായ്മകൾ ഉണ്ടെന്ന്

ആരോപിച്ച് മാനേജർ നടപടി നീട്ടിക്കൊണ്ടുപോവുകയാണുണ്ടായത്. തുടർന്ന് ശ്രീ. നസീറിന്റെ സസ്പെൻഷൻ കാലം 6 മാസം പിന്നിട്ടതിനാൽ കെ.ഇ.ആർ അധ്യായം 14 എ റൂൾ 67 (9) ന് വിധേയമായി സസ്പെൻഷൻ റിവ്യൂ ചെയ്യുന്നതിന് കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ഈ ഓഫീസിൽ നിന്നും അപേക്ഷ സമർപ്പിച്ചു. ആയതിൽ വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവ് നമ്പർ ബി4/7156/2015, തിയ്യതി 22.04.2015 പ്രകാരം ഉത്തരവ് നൽകുകയുണ്ടായി. പ്രസ്തുത ഉത്തരവിൽ നസീർ പാണാറത്തിന്റെ സസ്പെൻഷൻ കാര്യത്തിൽ നാദാപുരം ടി.ഐ.എം. ഗേൾസ് എച്ച് എസ് എസ് മാനേജരും, ജില്ലാ വിദ്യാഭ്യാസ ഓഫീസറും കെ.ഇ.ആർ വ്യവസ്ഥകൾ പാലിച്ചതായി കാണുന്നില്ല എന്ന് നിരീക്ഷിക്കുകയും കെ.ഇ.ആർ വ്യവസ്ഥകൾക്ക് അനുസൃതമല്ലാതെ എടുത്ത നടപടി ആയതുകൊണ്ട് ശ്രീ. നസീർ പാണാറത്തിന്റെ സസ്പെൻഷൻ എത്രയും പെട്ടെന്ന് പിൻവലിച്ച് ടിയാനെ ഉടനെ ജോലിയിൽ പ്രവേശിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതിന് മാനേജർക്ക് നിർദ്ദേശം നൽകുന്നതിന് നിർദ്ദേശം നൽകി.

5(5) എന്നാൽ മാനേജർ വിദ്യാഭ്യാസ ഉപഡയരക്ടറുടെ ഉത്തരവ് അനുസരിക്കാനോ ശ്രീ. നസീർ പാണാറത്തിന്റെ സസ്പെൻഷൻ പിൻവലിച്ച് പുനഃപ്രവേശിപ്പിക്കാനോ തയ്യാറായില്ല. പകരം വിദ്യാഭ്യാസ ഉപഡയരക്ടറുടെ ഉത്തരവിൽ അപാകതകൾ ചൂണ്ടിക്കാട്ടി കുറ്റങ്ങൾ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്താൻ മറ്റൊരു അന്വേഷണ ഉദ്യോഗസ്ഥനെ ആവശ്യപ്പെടുകയാണുണ്ടായത്. കെ.ഇ.ആർ. അധ്യായം 3, റൂൾ 9 പ്രകാരം വിദ്യാഭ്യാസ ഉപഡയരക്ടറുടെ ഉത്തരവ് നടപ്പാക്കാൻ മാനേജർ ബാധ്യസ്ഥനാണ് എന്നതിനാലും സസ്പെൻഷൻ നടപടി മാനേജർ അനാവശ്യമായി നീട്ടിക്കൊണ്ടു പോകുന്നതിനാലും വീണ്ടും മാനേജർക്ക് കത്ത് നൽകി. 22.9.2015 തീയതി മറുപടി കത്തിൽ വീണ്ടും വീഴ്ചകൾ പറഞ്ഞതല്ലാതെ നടപടികൾ സ്വീകരിച്ചില്ല. കൂടാതെ ടി വിഷയത്തിൽ ശിക്ഷാവിധി നടപ്പിലാക്കുന്നതുവരെ ശ്രീ. നസിർ പാണാറത്തിനെ സസ്പെൻഷനിൽ നിലനിർത്താൻ അനുമതി തേടിക്കൊണ്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷ പകർപ്പും ഹാജരാക്കി.

5(6)ഇത്രയും കാലതാമസം വരുത്തിയ ശേഷം ശ്രീ. നസീർ പാണാറത്തിനെതിരെ ആരോപിക്കപ്പെട്ട കുറ്റങ്ങൾ സംബന്ധിച്ച് ഫോർമൽ എൻക്വയറി നടത്തി അയച്ചുതന്ന റിപ്പോർട്ടിലെ അപാകതകൾ ചൂണ്ടിക്കാട്ടിയും റിപ്പോർട്ട് കുറ്റമറ്റതും സമ്പൂർണ്ണവുമാക്കാൻ അഭ്യർത്ഥിച്ചും താൻ സമർപ്പിച്ച അപേക്ഷ ഇതേവരെയും പരിഗണിക്കപ്പെടാത്തതിനാലും ശ്രീ. നസീർ പാണാറത്ത് 17.7.2014 മുതൽ സസ്പെൻഷനിലാണെന്ന വസ്തുത കണക്കിലെടുത്തും ഫോർമൽ എൻക്വയറി റിപ്പോർട്ടിനെ അടിസ്ഥാനമാക്കി തുടർനടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നും ശ്രീ. നസീർ പാണാറത്തിന് 3 വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്യത്തിൽ തടഞ്ഞുകൊണ്ടുള്ള ശിക്ഷ വിധിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നും ശ്രീ.

നസീർ പാണാറത്തിന് നൽകിയ നോട്ടീസ് പകർപ്പ് സഹിതം മാനേജർ **18.1.2016** ന് വീണ്ടും കത്ത് നൽകി. മാനേജരുടെ **14.1.2016** ലെ **3/2016** നമ്പർ ഉത്തരവിൽ ഫോർമൽ എൻക്വയറി റിപ്പോർട്ടിനെ ആധാരമാക്കി അച്ചടക്ക നടപടിയുമായി മുന്നോട്ട് പോകാനേ നിർവ്വാഹമുള്ളൂ എന്ന് അറിയിക്കുകയും ടിയാന്റെ മൂന്ന് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്യത്തോടെ തടഞ്ഞുകൊണ്ടുള്ള ശിക്ഷ വിധിക്കാൻ തീരുമാനിച്ചിരിക്കുന്നുവെന്നും ശ്രീ. നസീറിന് വല്ലതും ബോധിപ്പിക്കാനുണ്ടെങ്കിൽ കെ.ഇ.ആർ. അധ്യായം **144**, റൂൾ **75**, സബ് റൂൾ **2**(ബി) അനുശാസിക്കും വിധം **10** ദിവസത്തിനകം ലഭിക്കേണ്ടതാണെന്ന് ഉത്തരവാകുകയുണ്ടായി. ഫോർമൽ എൻക്വയറി റിപ്പോർട്ട് ഈ ഓഫീസിൽ നിന്നും **05/01/2015** ന് നൽകിയിട്ടുണ്ട്. എന്നാൽ **18.1.2016** നാണ് മറുപടി കത്ത് നൽകിയിരിക്കുന്നത്. ഒരു വർഷത്തോളം വീണ്ടും അനാവശ്യ കാലതാമസം വരുത്തിയതായി കാണാം.

**5(7)** സസ്പെൻഷൻ നടപടി മാനേജർ അനന്തമായി നീട്ടിക്കൊണ്ടുപോകുന്ന അവസ്ഥ നിലനിൽക്കുന്ന സാഹചര്യത്തിൽ ശിക്ഷാനടപടി പൂർത്തിയാക്കി വിദ്യാഭ്യാസ ഉപഡയരക്ടറുടെ **22.4.2015** ലെ ഉത്തരവ് നടപ്പാക്കാൻ മാനേജർക്ക് **28.1.2016** -ൽ വീണ്ടും നിർദ്ദേശം നൽകി. തുടർന്ന് ശ്രീ. നസീർ പാണാറത്ത് നോട്ടീസിന് മറുപടിയായി നൽകിയ വാദമുഖങ്ങൾ അംഗീകരിക്കുന്നില്ലെന്നും മാനേജരുടെ **04/2016**, തിയ്യതി **20.02.2016** ലെ നടപടി ക്രമത്തിലൂടെ ടിയാന്റെ **3** ഭാവി വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്യത്തിലൂടെ തടഞ്ഞുകൊണ്ട് ഉത്തരവാകുകയും ശ്രീ. നസീർ പാണാറത്തിന്റെ സസ്പെൻഷൻ പിൻവലിച്ച് ടിയാനെ തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കുകയുണ്ടായി.

**5(8)** മാനേജരുടെ നോട്ടീസിന് (നമ്പർ **3/2016** തി.**14.1.2016**) മറുപടിയായി ശ്രീ. നസീർ പാണാറത്ത് നൽകിയ കത്തിൽ മൂന്ന് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്യത്തോടെ തടഞ്ഞുകൊണ്ടുള്ള ശിക്ഷ നിർദേശിക്കാൻ തക്കമുള്ള കുറ്റമൊന്നും ചെയ്തിട്ടില്ലായെന്നുള്ള വസ്തുത പരിഗണിച്ച് **01.04.2016** ന് ഈ ഓഫീസിൽ വെച്ച് ഹിയറിംഗ് നടത്തിയിരുന്നുവെങ്കിലും മാനേജർ നേരിട്ട് ഹാജരായില്ല. ടിയാൻ ഹാജരാക്കിയ കത്ത് പ്രകാരം ശിക്ഷാ നടപടികളിൽ ഉറച്ചു നിൽക്കുന്നതായി അറിയിക്കുകയുണ്ടായി. എന്നാൽ മാനേജരുടെ ശിക്ഷാ നടപടി ടിയാൻ ചെയ്ത കുറ്റങ്ങൾ വെച്ച് പരിശോധിച്ചതിൽ നിന്നും കാഠിന്യമേറിയതാണെന്ന് ബോധ്യമായതിനാൽ പ്രസ്തുത ശിക്ഷാ നടപടി അംഗീകരിക്കുകയുണ്ടായില്ല. **17.07.2014** മുതൽ സസ്പെൻഷനിലായ നസീർ പാണാറത്ത് മാനേജരുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ **26.2.2016** ന് മാത്രമാണ് ജോലിയിൽ പ്രവേശിക്കുന്നത്. ഒരു വർഷം, **7** മാസം, **10** ദിവസം ടിയാൻ സസ്പെൻഷനിലായിരുന്നു. ഇത്രയും കാലതാമസത്തിനു കാരണം മേലാഫീസുകളിൽ നിന്നും നൽകിയിട്ടുള്ള ഉത്തരവുകളിൽ ഓരോ

കാരണങ്ങൾ ചൂണ്ടിക്കാട്ടി മാനേജർ നീട്ടിക്കൊണ്ടുപോയി എന്നത് മാത്രമാണെന്ന് കാണാവുന്നതാണ്.

**5(9)** മാനേജരുടെ ശിക്ഷാനടപടി നിരസിച്ച സാഹചര്യത്തിൽ ശ്രീ. നസീർ പാണാറത്തിന്റെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് നൽകുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർ മാനേജർക്ക് നിർദേശം നൽകുകയുണ്ടായി. ആയത് മാനേജർ പാലിക്കാതിരുന്നതിനാൽ ശ്രീ. നസീർ പാണാറത്ത് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അപ്പീൽ സമർപ്പിക്കുകയുണ്ടായി. ഇതേ സമയം മാനേജരും ശ്രീ. നസീറിനെതിരെ സ്വീകരിച്ച ശിക്ഷാ നടപടി റദ്ദ് ചെയ്ത ഈ ഓഫീസിന്റെ ഉത്തരവിനെതിരെ സർക്കാറിലും അപ്പീൽ സമർപ്പിക്കുകയുണ്ടായി. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നമ്പർ എൽ**1/66/2018,** തിയ്യതി **11.12.2019** ലെ കത്ത് പ്രകാരം മാനേജറുടെ ആവശ്യം അംഗീകരിക്കാനാവില്ലായെന്ന് നിർദേശം നൽകുകയുണ്ടായി. തുടർന്ന് മാനേജരുടെ **01/2020/21,** തിയ്യതി **01/07/2020** നടപടിക്രമത്തിലൂടെ ശ്രീ. നസീർ പാണാറത്തിന്റെ **17.07.2014** മുതൽ **21.12.2016** വരെയുള്ള സസ്പെന്ഷൻ കാലയളവ് എല്ലാ സേവന വേതന വ്യവസ്ഥകൾക്കും കണക്കിലെടുക്കും വിധം ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുകയുണ്ടായി.

**5(10)** ശ്രീ. നസീറിനെതിരായ അച്ചടക്ക നടപടിയിൽ കെ.ഇ.ആർ വ്യവസ്ഥകൾ പാലിക്കുന്നതിൽ മാനേജർക്ക് വീഴ്ച്ച സംഭവിച്ചതായി ചൂണ്ടിക്കാണിച്ചുകൊണ്ടാണ് സർക്കാർ മാനേജരുടെ റിവ്യൂ ഹരജിയിലെ ആവശ്യം നിരസിച്ചിട്ടുള്ളത് എന്നതിനാൽ മാനേജരുടെ തെറ്റായ നടപടി മൂലം സർക്കാറിനുണ്ടായ സാമ്പത്തിക ബാധ്യതകൾ മാനേജരിൽ നിന്നും ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടറുടെ **26.04.2021** ലെ നമ്പർ ബി**4/125194/2020/**കെ.ഡിസ് കത്ത് പ്രകാരം നിർദേശം നൽകുകയുണ്ടായി. ടിയാന് സേവനകാലയളവിൽ അനുവദിച്ച സാമ്പത്തികാനുകൂല്യമായ **8,66,069/-** രൂപ (എട്ട് ലക്ഷത്തി അറുപത്തി ആറായിരത്തി അറുപത്തി ഒൻപത് രൂപ മാത്രം) വിദ്യാഭ്യാസ ഉപഡയറക്ടറുടെ നിർദേശം പാലിച്ചുകൊണ്ട് തിരിച്ചടക്കുന്നതിന് മാനേജർക്ക് നിർദേശം നൽകിയെങ്കിലും സസ്പെൻഷൻ കാലയളവിലെ ശമ്പളം മാനേജരുടെ ബാധ്യതയാവുന്നത് നിയമ വിരുദ്ധമാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് മറുപടി നൽകുകയാണുണ്ടായത്.

**5(11)** ഈ സാഹചര്യത്തിൽ ഈ ഓഫീസിലെ ഉത്തരവ് നമ്പർ **2/3494/21, 16.04.2022** പ്രകാരം മേൽ സംഖ്യ മാനേജരുടെ ബാധ്യതയാക്കിക്കൊണ്ട് ഉത്തരവ് നൽകുകയാണുണ്ടായത്. നസീർ പാണാറത്തിന്റെ സസ്പെൻഷൻ മാനേജർ നടത്തിയത് പ്രാഥമികാന്വേഷണത്തെ തുടർന്ന് **15** ദിവസത്തിനപ്പുറം നീട്ടി നൽകുന്നതിന് അനുമതി നൽകിയെങ്കിലും വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് പ്രകാരം ടിയാനെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് ആവര്ത്തിച്ച് നിർദേശം നൽകിയിട്ടും

ആയത് പാലിക്കാതെയും തുടർന്ന് ശിക്ഷാ നടപടി റദ്ദ് ചെയ്ത ഈ ഓഫീസിന്റെ ഉത്തരവ് പാലിക്കാതെ സർക്കാറിൽ നിന്നും പ്രതികൂല ഉത്തരവ് ലഭ്യമായതിന് ശേഷം മാത്രം ടിയാന്റെ എല്ലാ ആനുകൂല്യങ്ങളും അനുവദിച്ച് ക്രമീകരിച്ച് നൽകുന്ന നടപടിയാണ് മാനേജരുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുള്ളത്.

**5(12).** എന്നാൽ മാനേജർക്ക് ബാധ്യത നിശ്ചയിച്ച നടപടിക്കെതിരെ മാനേജർ **14/06/2021** തിയ്യതിയിൽ വീണ്ടും സർക്കാരിൽ റിവിഷൻ ഹർജ്ജി സമർപ്പിച്ചിരുന്നു. പ്രസ്തുത ഹർജ്ജി സർക്കാർ വിശദമായി പരിശോധിക്കുകയും സർക്കാർ ഉത്തരവ് നമ്പർ സ.ഉ(സാധാ) **654/2023**/പൊ.വി.വ തീയ്യതി **25/01/2023** പ്രകാരം ശ്രീ.നസീർ പാണാറത്തിന്റെ സസ്പെൻഷൻ കാലയളവിൽ അർഹമായ സാമ്പത്തികാനുകൂല്യങ്ങൾ മാനേജരുടെ തെറ്റായ നടപടി മൂലം നീട്ടിക്കൊണ്ട് പോവുകയും പിന്നീട് ക്രമീകരിച്ച് നൽകിയതിനെ തുടർന്ന് സർക്കാറിനുണ്ടായ സാമ്പത്തിക ബാധ്യത മാനേജരിൽ നിന്നും ഈടാക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടറുടെ നിർദേശം പാലിച്ചുകൊണ്ടുള്ള നടപടി മാത്രമാണ് വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും സ്വീകരിച്ചിട്ടുള്ളത് എന്ന് കണ്ടെത്തുകയും ആയതിനാൽ ഈ ഓഫീസിലെ ഉത്തരവ് നമ്പർ ബി**2/3494/21**, തിയ്യതി **16.04.2022** പ്രകാരം മാനേജരുടെ ബാധ്യതയാക്കിക്കൊണ്ട് നൽകിയ ഉത്തരവ് തള്ളുന്നതിനായി മാനേജർ സമർപ്പിച്ച റിവിഷൻ ഹർജ്ജി നിരസിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

**6.**കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ , പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ റിപ്പോർട്ട് ഇപ്രകാരമാണ്

**6(1)** വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തൽ ചുവടെ ചേർക്കുന്നു.

"ശ്രീ. നസീർ പാണാറത്തിനെതിരായി ഉന്നയിച്ചിരിക്കുന്ന ഓദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയെന്ന ആരോപണം ഭാഗികമായി ശരിയാണ്. അനധികൃതമായ ഹാജരില്ലായ്മ എന്നത് **28/05/2014**-ന് ആകസ്മിക അവധി രേഖപ്പെടുത്തിയ സാഹചര്യത്തിലും, **27/05/2014**-ന് അപൂർണ്ണമായതാണെങ്കിലും അവധി അപേക്ഷ സമർപ്പിച്ച സാഹചര്യത്തിലും അംഗീകരിക്കാവുന്നതല്ല. മൊത്തം **818** വിദ്യാർത്ഥികളും **40** ജീവനക്കാരുമുള്ള ടി.ഐ.എം. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിന് ശ്രീ. നസീറിന്റെ, ക്ലർക്ക് തസ്തികയിലുള്ള പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ടെന്നതും വസ്തുതയാണ്."

**6(2)** മേൽ വിവരിച്ച വസ്തുതകളുടെയും, ശ്രീ. നസീറിന്റെ പ്രതിവാദ പ്രതികയുടെയും അടിസ്ഥാനത്തിൽ കെ.ഇ.ആർ. അനുശാസിക്കും പ്രകാരം ശ്രീ. നസീറിനെതിരെ അച്ചടക്ക നടപടി പൂർത്തിയാക്കുന്നതിനും വടകര

ജില്ലാ വിദ്യാഭ്യാസ ഓഫീസർ മാനേജർക്ക് നിർദ്ദേശം നൽകി. എന്നാൽ ശ്രീ. നസീർ പാണാറത്തിന്റെ അച്ചടക്ക നടപടി പൂർത്തിയാക്കുകയോ, ജോലിയിൽ തിരികെ പ്രവേശിപ്പിക്കുകയോ ചെയ്യാതെ അന്വേഷണ റിപ്പോർട്ടിൽ പോരായ്മകൾ ഉണ്ടെന്ന് ആരോപിച്ച് സ്കൂൾ മാനേജർ അച്ചടക്കനടപടി നീട്ടിക്കൊണ്ടുപോവുകയും ചെയ്തു. തുടർന്ന് ശ്രീ. നസീറിന്റെ വേലവിലക്ക് 6 മാസത്തിൽ കൂടുതൽ അധികരിച്ചതിനാൽ, ആയത് റിവ്യൂ ചെയ്ത് നൽകുന്നതിനായി വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ 26/03/2015-ലെ ബി2/3382/14 നം. കത്ത് പ്രകാരം കോഴിക്കോട് വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിവ്യൂ അപേക്ഷ പരിഗണിക്കവെ താഴെ പറയുന്ന അപാകതകൾ ശ്രീ. നസീറിനെതിരായി സ്വീകരിച്ച അച്ചടക്ക നടപടികളിൽ വിദ്യാഭ്യാസ ഉപഡയറക്ടർ കണ്ടെത്തുകയുണ്ടായി.

6(3)ശ്രീ.നസീറിനെ മാനേജർ വേലവിലക്ക് ചെയ്യുന്നത് 17/07/2014 തീയതിയിലാണ്. എന്നാൽ ടി വിവരം വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറെ അറിയിക്കുന്നത് 24/07/2014 ആണെന്നും, ഇക്കാര്യത്തിൽ 7 ദിവസത്തെ കാലതാമസം ഉണ്ടായി. കെ.ഇ.ആർ അദ്ധ്യായം 14 എ റൂൾ 67 (8) പ്രകാരം വേലവിലക്ക് ചെയ്ത ദിവസം തന്നെ ഇക്കാര്യം വിദ്യാഭ്യാസ ഓഫീസറെ അറിയിക്കേണ്ടതാണ്. കെ.ഇ.ആർ. അദ്ധ്യായം 14 എ ചട്ടം 67(8) പ്രകാരം വേലവിലക്ക് ചെയ്ത് 15 ദിവസത്തിനകം വേലവിലക്കിനു ആധാരമായ കാര്യങ്ങളിൽ പ്രാഥമിക അന്വേഷണം നടത്തി വേലവിലക്ക്ചെയ്യപ്പെട്ട വ്യക്തിയെ തിരിച്ചെടുക്കുകയോ, അല്ലെങ്കിൽ വേലവിലക്ക് ദീർഘിപ്പിക്കുകയോ ചെയ്യേണ്ടതാണ്. എന്നാൽ വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ വേലവിലക്ക് ദീർഘിപ്പിച്ചു കൊണ്ടുള്ള ഉത്തരവ് നൽകുന്നത് 04/08/2014-ആയതിനാൽ ശ്രീ. നസീർ പാണാറത്തിന്റെ വേലവിലക്ക് കാര്യത്തിൽ നാദാപുരം ടി.ഐ.എം. ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ മാനേജരും, ജില്ലാ വിദ്യാഭ്യാസ ഓഫീസറും കെ.ഇ.ആർ വ്യവസ്ഥകൾ പാലിച്ചതായി കാണുന്നില്ല.

6(4).മേൽ സാഹചര്യത്തിൽ കെ.ഇ.ആർ വ്യവസ്ഥകൾക്ക് അനുസൃതമല്ലാതെ സ്വീകരിച്ച വേലവിലക്ക് എത്രയും പെട്ടെന്ന് പിൻവലിച്ച് ശ്രീ. നസീറിനെ തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് മാനേജർക്ക് നിർദ്ദേശം നൽകുവാനും കൂടാതെ ശ്രീ. നസീറിനെതിരായ അച്ചടക്ക നടപടി നിയമാനുസൃതം തുടരാനും നിർദ്ദേശം നൽകിക്കൊണ്ടും കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും 22/04/2015-ലെ ബി4/7156/15 നമ്പർ ഉത്തരവ് പ്രകാരം വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി. കെ.ഇ.ആർ. വ്യവസ്ഥകൾക്കനുസൃതമല്ലാതെ ശ്രീ. നസീറിനെതിരെ നടപടി സ്വീകരിച്ചതിന് മാനേജരിൽ നിന്നും, ജില്ലാവിദ്യാഭ്യാസ ഓഫീസറിൽ നിന്നും വിശദീകരണം വിദ്യാഭ്യാസ ഉപഡയറക്ടർ തേടുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ വടകര

ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **25/05/2015** ലെ ബി2/**3382/14** നമ്പർ വിശദീകരണ കത്തിൽ മാനേജരുടെ **17/07/2014**-നുള്ള വേലവിലക്ക് ഉത്തരവ് തപാൽ മുഖേന **7** ദിവസം വൈകി **24/07/2014** തീയതിയിലാണ് വടകര ജില്ലാവിദ്യാഭ്യാസ ഓഫീസിൽ ലഭിച്ചതെന്നും, ശ്രീ. നസീറിന്റെയും മാനേജരുടെയും പരാതികളിൽ നടപടി തുടർന്നുവരുന്ന സാഹചര്യത്തിലാണ് **15** ദിവസത്തിൽ കൂടുതൽ വേലവിലക്ക് ദീർഘിപ്പിച്ച് ഉത്തരവ് നൽകിയതെന്നും ടി വിഷയത്തിൽ വല്ല തെറ്റും സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും വിദ്യാഭ്യാസ ഉപഡയറക്ടറോട് അപേക്ഷിച്ചു.

**6(5).**എന്നാൽ മാനേജർ **21/05/2015**-ന് സമർപ്പിച്ച വിശദീകരണ കുറിപ്പിൽ തന്റെ ഭാഗത്ത് ഇക്കാര്യത്തിൽ യാതൊരു വീഴ്ചയും വന്നിട്ടില്ല എന്ന മറുപടിയാണ് നൽകിയത്. ശ്രീ.നസീർ പാണാറത്തിനെതിരെ **14/01/2016** തീയതിൽ **3** ഭാവി വാർഷിക ശമ്പള വർദ്ധനവുകൾ സഞ്ചിത പ്രാബല്യത്തോടെ തടഞ്ഞു കൊണ്ട് സ്കൂൾ മാനേജർ ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് **20/02/2016**-ന് ടിയാളുടെ **3** വാർഷിക ശമ്പള വർദ്ധനവുകൾ തടഞ്ഞുകൊണ്ടുള്ള ശിക്ഷാവിധി നിലനിർത്തിക്കൊണ്ട് ടിയാളെ സേവനത്തിൽ തിരികെ പ്രവേശിപ്പിക്കാൻ ഉത്തരവ് സ്കൂൾ മാനേജർ നൽകുകയും ചെയ്തു. കൂടാതെ വേലവിലക്ക് കാലയളവ് ക്രമീകരിക്കുന്നതുമായി ഉത്തരവ് പിന്നീട് പുറപ്പെടുവിക്കുന്നതാണെന്നും വ്യക്തമാക്കിയിരുന്നു.

**6(6)**ശ്രീ.നസീറിനെതിരായ ശിക്ഷ, ഉയർന്ന ശിക്ഷകളുടെ ഗണത്തിൽ ഉൾപ്പെടുന്നതിനാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അനുമതി തേടിയിരുന്നോ എന്ന കാര്യം വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറിൽ നിന്നും കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ ആരായുകയുണ്ടായി. പ്രസ്തുത ശിക്ഷ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഒരു ഹിയറിംഗ് **01/04/2016**-ന് വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ നടത്തിയതായും, ശ്രീ.നസീറിനെതിരായ ശിക്ഷയുടെ കാഠിന്യം കുറയ്ക്കുന്നതിന് തയ്യാറാണെന്ന് മാനേജ്മെന്റ് ഹിയറിംഗിൽ സമ്മതിച്ചതായും എന്നാൽ ഇതു സംബന്ധിച്ച ഉത്തരവുകളൊന്നും മാനേജരിൽ നിന്നും ലഭിക്കുകയുണ്ടായില്ല എന്നും വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തു. മാനേജരോട് ടി വിഷയത്തിൽ നിജസ്ഥിതി അറിയിക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. ടി കത്തിനുള്ള മറുപടിയിൽ ശ്രീ.നസീറിനെതിരായ ശിക്ഷ വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അനുമതിയോടെ അന്തിമമായി തീരുമാനിക്കുകയും ശ്രീ. നസീറിനെ ജോലിയിൽ തിരികെ പ്രവേശിച്ചതായുമാണ് മാനേജർ വിദ്യാഭ്യാസ ഉപഡയറക്ടറെ അറിയിച്ചത്.

**6(7).**എന്നാൽ യഥാർത്ഥത്തിൽ വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അനുമതി ലഭിക്കാതെയാണ് മാനേജർ ജില്ലാവിദ്യാഭ്യാസ

ഓഫീസറുടെ അനുമതി ലഭിച്ചതായുള്ള തെറ്റായ റിപ്പോർട്ട് കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകിയത്. പിന്നീട് വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ **13/10/2017**-ലെ നം.ബി2/**3382/14** ഉത്തരവ് പ്രകാരം ടിയാനെതിരെയുള്ള മാനേജരുടെ ശിക്ഷാനടപടി നിരസിച്ചു കൊണ്ട് ഉത്തരവാകുകയും ചെയ്തു. അതിനെതിരെ മാനേജർ **20/11/2017** തീയതിയിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപ്പീൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷ പരിഗണിച്ച് ശ്രീ. നസീറിന്റെ വേലവിലക്ക് കാലം കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ **06/11/2017**-ബി4/**9393/2017** നമ്പർ കത്തിലെ നിർദ്ദേശാനുസരണം ക്രമീകരിച്ചു നടപടികളിൽ നൽകുന്നതിനും, അതിനുശേഷം വകുപ്പുതല ആക്ഷേപമുണ്ടെങ്കിൽ അപ്പീൽ സമർപ്പിക്കുവാനും ഉത്തരവാകുകയും തുടർന്ന ശ്രീ.നസീറിന്റെ വേലവിലക്ക് കാലം അർഹതപ്പെട്ട അവധിയായി ക്രമീകരിച്ചുകൊണ്ട് മാനേജറുടെ **23/02/2018**-ലെ **5/2018** നമ്പർ പ്രകാരം ഉത്തരവാകുകയും ചെയ്തു. കൂടാതെ സ്കൂൾ മാനേജർ സർക്കാരിന് റിവ്യൂ ഹർജി സമർപ്പിക്കുകയും ചെയ്തു.

**6(8).**ശ്രീ.നസീറിനെതിരായി മാനേജർ അച്ചടക്കനടപടി ആരംഭിച്ചതു മുതൽ അച്ചടക്ക നടപടിയിൽ പാലിക്കേണ്ട വ്യവസ്ഥകളിൽ മാനേജരുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചതായി കാണുന്നു. ശ്രീ.നസീറിനെ വേലവിലക്ക് ചെയ്ത അന്നേ ദിവസം തന്നെ പ്രസ്തുത വിവരം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസറെ അറിയിക്കേണ്ടതായിരുന്നു. എന്നാൽ വേലവിലക്ക് ചെയ്ത് ഉത്തരവായതിനുശേഷം **7** ദിവസം കഴിഞ്ഞാണ് ടി ഉത്തരവ് വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് ലഭിക്കുന്നത്. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഔപചാരിക അന്വേഷണ റിപ്പോർട്ട് അപൂർണ്ണമാണെന്നും മാനേജർ കുറ്റാരോപണ മെമ്മോയിൽ ഉൾപ്പെടുത്താത്ത, ശ്രീ.നസീർ പാണാറത്ത് വേലവിലക്ക് ഇരിക്കെ വിദേശത്തുപോയി എന്ന കുറ്റം കൂടി ഉൾപ്പെടുത്തിയുള്ള അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ടുകൊണ്ട് **27/01/2015** ലെ കത്ത് പ്രകാരം മാനേജർ വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് വീണ്ടും അപേക്ഷ സമർപ്പിക്കുകയുണ്ടായി. അന്വേഷണ റിപ്പോർട്ട് പൂർണ്ണമല്ലായെന്ന് മാനേജർക്ക് അഭിപ്രായമുണ്ടെങ്കിൽ തൊട്ടടുത്ത മേലധികാരിയ്ക്ക് അപ്പീൽ നൽകുകയായിരുന്നു വേണ്ടിയിരുന്നത്. എന്നാൽ മനേജരുടെ ഭാഗത്തുനിന്നും അത്തരമൊരു നടപടി ഉണ്ടായിട്ടില്ല .

**6(9).** കെ.ഇ.ആർ. അദ്ധ്യായം **14** എ **75** പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ മാനേജർ യഥാസമയം കൈക്കൊണ്ടിരുന്നുവെങ്കിൽ അച്ചടക്ക നടപടി അനന്തമായി നീണ്ടുപോവുന്ന അവസ്ഥ ഉണ്ടാകുമായിരുന്നില്ലയെന്നും, മാനേജരുടെ കാരണം കാണിക്കൽ നോട്ടീസിന് (നമ്പർ **3/2016** തീ. **14.1.2016**) മറുപടിയായി ശ്രീ നസീർ പാണാറത്ത് നൽകിയ കത്തിൽ മുന്ന് വാർഷിക

ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്യത്തോടെ തടഞ്ഞുകൊണ്ടുള്ള ശിക്ഷ നിർദേശിക്കാൻ തക്കമുള്ള കുറ്റമൊന്നും ചെയ്തിട്ടില്ലായെന്നുള്ള വസ്തുത പരിഗണിച്ച് **01.04.2016** ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഹിയറിംഗ് നടത്തിയിരുന്നുവെങ്കിലും മാനേജർ നേരിട്ട് ഹാജരായില്ല. ടിയാൻ ജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് നൽകിയ കത്ത് പ്രകാരം ശിക്ഷ നടപടികളിൽ ഉറച്ചു നിൽക്കുന്നതായി അറിയിക്കുകയുണ്ടായി. എന്നാൽ മാനേജരുടെ ശിക്ഷാ നടപടി ടിയാൻ ചെയ്ത കുറ്റങ്ങൾ വെച്ച് പരിശോധിച്ചതിൽ നിന്നും കാഠിന്യമേറിയതാണെന്ന് ബോധ്യമായതിനാൽ ജില്ലാ ഓഫീസറുടെ **13.10.2017** ലെ ബി**2/3382/14** നമ്പർ ഉത്തരവ് പ്രകാരം ശിക്ഷാ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുകയുണ്ടായില്ല.

**17.07.2014** മുതൽ വേലവിലക്കിലായ ശ്രീ.നസീർ പ്രസ്തുത നടപടി **26.02.2016** പാണാറത്ത് മാനേജരുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ന് മാത്രമാണ് ജോലിയിൽ പ്രവേശിക്കുന്നത്. ഒരു വർഷം, **7** മാസം, **10** ദിവസം ടിയാൻ വേല വിലക്കിലായിരുന്നു. ഇത്രയും കാലതാമസത്തിനു കാരണം മേലാഫീസുകളിൽ നിന്നും നൽകിയിട്ടുള്ള ഉത്തരവുകളിൽ മാനേജർ ഓരോ കാരണങ്ങൾ ചൂണ്ടിക്കാട്ടി നീട്ടിക്കൊണ്ടുപോയി എന്നത് മാത്രമാണ്. മാനേജരുടെ തെറ്റായ നടപടി മൂലം സർക്കാറിനുണ്ടായ സാമ്പത്തിക ബാധ്യതകൾ തിരിച്ചടക്കുന്നതിന് വടകര ജില്ലാവിദ്യാഭ്യാസ ഓഫീസർ മാനേജർക്ക് നിർദേശം നൽകിയെങ്കിലും വേലവിലക്ക് കാലയളവിലെ ശമ്പളം മാനേജരുടെ ബാധ്യതയാവുന്നത് നിയമ വിരുദ്ധമാണെന്ന് അറിയിക്കുകയുണ്ടായി.

**6(10).** മേൽ ബാധ്യത സംഖ്യ തിരിച്ചടക്കുന്നതിന് മാനേജർക്ക് ആവർത്തിച്ച് നിർദേശം നൽകിയിട്ടും മാനേജർ ആയത് പാലിക്കാതെ വന്ന സാഹചര്യത്തിൽ വടകര ജില്ലാവിദ്യാഭ്യാസ ഓഫീസറുടെ **16.04.2022** ലെ ബി**2/3494/21** നമ്പർ ഉത്തരവ് പ്രകാരം മേൽ സംഖ്യ മാനേജരുടെ ബാധ്യതയാക്കിക്കൊണ്ട് ഉത്തരവാകയുകയും ചെയ്തു. ബാധ്യത നിശ്ചയിച്ച നടപടിക്കെതിരെ മാനേജർ **14/06/2022**-ൽ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജിയിലെ ആവശ്യം നിലവിലെ ചട്ട പ്രകാരം പരിഗണണാർഹമല്ലായെന്നു കണ്ടു നിരസിച്ചിട്ടുള്ളതാണ്. **28.06.2019** ജെ.**1/164/2019**/പൊ.വി.വ നമ്പർ സർക്കുലർ പ്രകാരം കെ.ഇ.ആർ അദ്ധ്യായം **XIV A** ചട്ടം **67(8)** ലും, കെ.ഇ.ആർ അദ്ധ്യായം **1** ചട്ടം **7(4)** സി യിലും വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം ഈ ബാധ്യത മാനേജറിൽ നിന്നും ഈടാക്കാവുന്നതാണ്.

**7.** മാനേജർ ഹിയറിംഗ് വേളയിൽ ഉന്നയിച്ച വാദങ്ങൾ,വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോഴിക്കോട് വിദ്യാഭ്യാസ ഉപ ഡയറക്ടർ , പൊതു വിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ അഭിപ്രായം, ലഭ്യമായ രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **17.07.2014** മുതൽ വേലവിലക്കിലായ ശ്രീ.നസീർ പാണാറത്ത് മാനേജരുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ

22/02/16 ന് മാത്രമാണ് ജോലിയിൽ പ്രവേശിക്കുന്നത്. ഒരു വർഷം, 7 മാസം, 10 ദിവസം ടിയാൻ സസ്പെൻഷനിലായിരുന്നു. എന്നാൽ ടിയാനെ സസ്പെന്റ് ചെയ്തു കൊണ്ടുള്ള നടപടി ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ പ്രാഥമിക അന്വേഷണം നടത്തി 04.08.2014 ലെ ഉത്തരവ് പ്രകാരം അംഗീകരിച്ച സാഹചര്യത്തിലാണ് സസ്പെൻഷൻ കാലം 15 ദിവസത്തിലധികം ദീർഘിപ്പിച്ചിട്ടുള്ളത്. 17.07.2014 ൽ ടിയാനെ സസ്പെന്റ് ചെയ്ത വിവരം അന്നുതന്നെ വടകര വിദ്യാഭ്യാസ ഓഫീസർക്കു റിപ്പോർട്ടു ചെയ്തിട്ടില്ല എന്നും 24.07.2014 നാണ്(7 ദിവസം വൈകി) എന്നും ആയതിനാൽ ചട്ടം 67(8) പ്രകാരമുള്ള നടപടിക്രമങ്ങളിൽ വീഴ്ച സംഭവിച്ചു എന്നും ചൂണ്ടിക്കാട്ടിയാണ് സസ്പെൻഷൻ പിൻ വലിച്ച് ശ്രീ നസീർ പാണാറത്തിന് സർവ്വീസിൽ പുനഃ പ്രവേശിപ്പിക്കുവാൻ വിദ്യാഭ്യാസ ഉപ ഡയറക്ടർ ഉത്തരവായിട്ടുള്ളത്. എന്നാൽ വടകര ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 04.08.2014 ലെ ഉത്തരവിലോ വിദ്യാഭ്യാസ ഉപഡയരക്ടറുടെ 22.4.2015 ലെ ഉത്തരവിലോ മാനേജർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയ കത്ത് റഫറൻസായി ചേർത്തിട്ടില്ല. എന്നാൽ മാനേജർ ബഹു: ഹൈക്കോടതി മുൻപാകെ സമർപ്പിച്ച WPC 6053/2023 ൽ Expt P5 ആയി ഹാജരാക്കിയിരിക്കുന്ന പ്രസ്തുത കത്തിലെ തീയതി 17.07.2014 ആണെന്നു കാണുന്നു. ആയതിനാൽ തപാൽ മുഖേന ആയത് ലഭിക്കാൻ വൈകി എന്ന് അനുമാനിക്കാവുന്നതാണ്. സസ്പെൻഷൻ കാലം 15 ദിവസത്തിലധികം ദീർഘിപ്പിക്കുവാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് നൽകിയിട്ടുള്ളതാണ്.

8.മാനേജറുടെ ഭാഗത്തു നിന്നും ആയതിൽ വീഴ്ച സംഭവിച്ചിട്ടില്ല എന്ന് കണക്കാക്കിയാലും സസ്പെൻഷൻ ആറുമാസത്തിൽ അധികരിക്കുന്ന പക്ഷം ചട്ടം 67(9) പ്രകാരം ആയത് പുനഃ പരിശോധിക്കേണ്ടതുണ്ട്. ആയതിനാൽ വിദ്യാഭ്യാസ ഉപഡയരക്ടറുടെ 22.4.2015 ലെ ഉത്തരവ് ക്രമപ്രകാരമാണ്. എന്നാൽ സസ്പെൻഷൻ, നടപടിക്രമങ്ങൾ പാലിച്ചല്ലാത്തതിനാൽ ടിയാനെ തിരികെ പ്രവേശിപ്പിക്കുവാൻ ടി ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയെങ്കിലും അനാവശ്യ കാരണങ്ങൾ ചൂണ്ടിക്കാട്ടി ടിയാളെ തിരികെ പ്രവേശിപ്പിക്കുന്നത് അച്ചടക്ക നടപടി പൂർത്തിയാക്കിയ ഉത്തരവ് പുറപ്പെടുവിച്ച 20.02.2016 വരെ നീട്ടിക്കൊണ്ടുപോയി. മാനേജരുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 26.2.2016 ന് മാത്രമാണ് ജോലിയിൽ പ്രവേശിക്കുന്നത്. ഇത്രയും കാലതാമസത്തിനു കാരണം മാനേജറുടെ ഭാഗത്തു നിന്നുള്ള അനാസ്ഥയാണ്. ആയതിനാൽ വിദ്യാഭ്യാസ ഉപഡയരക്ടറുടെ ഉത്തരവ് തീയതിയായ 22.4.2015 മുതൽ ടിയാനെ സേവനത്തിൽ പുനഃ പ്രവേശിപ്പിച്ച 26.02.2016 വരെ ടിയാന് നൽകേണ്ടി വന്ന ശമ്പളം മാനേജറുടെ ബാധ്യതയായി കണക്കാക്കാവുന്നതാണ്.

**9.**ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഔപചാരിക അന്വേഷണ റിപ്പോർട്ട് അപൂർണ്ണമാണെന്നും മാനേജർ കുറ്റാരോപണ മെമ്മോയിൽ ഉൾപ്പെടുത്താത്ത, ശ്രീ.നസീർ പാണാറത്ത് വേലവിലക്ക് ഇരിക്കെ വിദേശത്തുപോയി എന്ന കുറ്റം കൂടി ഉൾപ്പെടുത്തിയുള്ള അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ടുകൊണ്ട് **27/01/2015** ലെ കത്ത് പ്രകാരം മാനേജർ വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് വീണ്ടും അപേക്ഷ സമർപ്പിക്കുകയുണ്ടായി. അന്വേഷണ റിപ്പോർട്ട് പൂർണ്ണമല്ലായെന്ന് മാനേജർക്ക് അഭിപ്രായമുണ്ടെങ്കിൽ തൊട്ടടുത്ത മേലധികാരിയ്ക്ക് അപ്പീൽ നൽകുകയായിരുന്നു വേണ്ടിയിരുന്നത്. എന്നാൽ മനേജരുടെ ഭാഗത്തുനിന്നും അത്തരമൊരു നടപടി ഉണ്ടായിട്ടില്ല . ശ്രീ.നസീർ പാണാറത്തിന്റെ അച്ചടക്ക നടപടി പൂർത്തിയാക്കുകയോ, ജോലിയിൽ തിരികെ പ്രവേശിപ്പിക്കുകയോ ചെയ്യാതെ അന്വേഷണ റിപ്പോർട്ടിൽ പോരായ്മകൾ ഉണ്ടെന്ന് ആരോപിച്ച് സ്കൂൾ മാനേജർ അച്ചടക്കനടപടി നീട്ടിക്കൊണ്ടുപോവുകയാണ് ഉണ്ടായത്. കെ.ഇ.ആർ. അദ്ധ്യായം **14** എ **75** പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ മാനേജർ യഥാസമയം കൈക്കൊണ്ടിരുന്നുവെങ്കിൽ അച്ചടക്ക നടപടി അനന്തമായി നീണ്ടുപോവുന്ന അവസ്ഥ ഉണ്ടാകുമായിരുന്നില്ല.

**10. KER Chapter III Rule 8** പ്രകാരം, മാനേജറുടെ അശ്രദ്ധ, നിയമലംഘനം, അല്ലെങ്കിൽ നിർദേശങ്ങളോടുള്ള അവഗണന മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം സംഭവിച്ചാൽ, അത്തരം നഷ്ടം മാനേജരിൽ നിന്ന് ഈടാക്കാനും ശിക്ഷാനടപടി സ്വീകരിക്കാനും സർക്കാരിന് അധികാരമുള്ളതാണ്. അതിനുപുറമെ, **KER Chapter XIV-A Rule 75(8)** അനുസരിച്ച്, അന്വേഷണ റിപ്പോർട്ട് ലഭിച്ച ശേഷം മാനേജർ നിയമപരമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്. അത് ചെയ്യുന്നതിൽ ഉണ്ടായ അനാവശ്യ കാലതാമസം **dereliction of duty** ആയി കണക്കാക്കാം. ഈ വീഴ്ച മൂലം അധ്യാപകൻ സർവീസിൽ തുടരുകയോ ശമ്പളം ലഭിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ, അതുവഴി സർക്കാരിന് ഉണ്ടായ നഷ്ടത്തിന്റെ ഉത്തരവാദിത്വം മാനേജർക്കു ചുമത്താവുന്നതാണ്.

**11.**മേൽ സാഹചര്യത്തിൽ ശ്രീ.നസീർ പാണാറത്തിന്റെ വേലവിലക്ക് പിൻവലിച്ച് ടിയാനെ സേവനത്തിൽ പുന പ്രവേശിപ്പിക്കുവാൻ നിർദ്ദേശിച്ചുകൊണ്ടുള്ള വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് തീയതിയായ **22.4.2015** മുതൽ ടിയാനെ സേവനത്തിൽ പുനഃ പ്രവേശിപ്പിച്ച **26.02.2016** വരെ ടിയാന് നൽകേണ്ടി വന്ന ശമ്പളം മാനേജറുടെ ബാധ്യതയായി കണക്കാക്കേണ്ടതും ആയത് പ്രകാരം ബാധ്യത പുനർ നിർണ്ണയിച്ച് മാനേജരിൽ നിന്നും ഈടാക്കുന്നതിന് കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കിയും നാദാപുരം ടി.ഐ.എം. ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ മാനേജർ ഫയൽ ചെയ്ത

**6053/2023** നമ്പർ റിട്ട് ഹർജിയിൽ **22/05/2025** ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം അപ്രകാരം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം )
മാനേജർ, ടി.ഐ.എം. ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ, നാദാപുരം, കോഴിക്കോട് - **673 504**
നസീർ പാണാറത്ത്, പാണാറത്ത് വീട്, എടച്ചേരി പി.ഒ., വടകര, കോഴിക്കോട് - **673 502**
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കോഴിക്കോട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വടകര
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി( **DA3/147/2025)**

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
Date: 16-04-2026 10:58:16
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ.യ്ക്ക്.